ഉത്തരം

(എ) ജി.ഒ. (എംഎസ്.) നമ്പർ 288/03/ആർ.ഡി. തീയതി 11/9/2003 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം ഔദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി താലൂക്ക് ലാന്റ് ബോർഡ് പുനഃസംഘടന ചെയ്തുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) കണ്ണൂർ ജില്ലയിലെ ഇപ്പോഴത്തെ താലൂക്ക് ലാന്റ് ബോർഡ് അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

താലൂക്ക് ബോർഡ്	*പേരും അംഗങ്ങളും*	
തളിപ്പറമ്പ്	1. സി. സുധീർ, ഡെപ്യൂട്ടി കളക്ടർ (എൽ. എ.), കണ്ണൂർ	ചെയർമാൻ
	2. കെ. വി. ഗംഗാധരൻ, തഹസീൽദാർ, തളിപ്പറമ്പ്	മെമ്പർ
കണ്ണൂർ	1. എസ്. സുരേന്ദ്രൻ നായർ ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.), കണ്ണൂർ	ചെയർമാൻ
	2. കെ. എച്ച്. ജോൺ, തഹസീൽദാർ, കണ്ണൂർ	മെമ്പർ
തലശ്ശേരി	1. ഇ. രാജൻ, റവന്യൂ ഡിവിഷണൽ ഓഫീസർ, തലശ്ശേരി	ചെയർമാൻ
	2. സി. എം. അശോക് കുമാർ, തഹസീൽദാർ, തലശ്ശേരി	മെമ്പർ

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം

18 [2907] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) അങ്ങനെയെങ്കിൽ നദികളുടെയും, നദീതീരങ്ങളുടേയും സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾക്കാണ് ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രധാനമായും നദീതീര സംരക്ഷണത്തിനു വേണ്ടി തയ്യാറാക്കുന്ന എല്ലാ പദ്ധതികൾക്കും നദിയിൽ നിന്നും നദീതീരത്തു നിന്നും മണൽ വാരുന്നത് ക്രമീകരിക്കുന്നതിനും നിരോധിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) നദീതീരത്തിന്റെയോ അതിന്റെ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റെയോ സമഗ്ര വികസനത്തിനും, നദീതീരം സംരക്ഷിക്കുന്നതിനും, നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും കുളിക്കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും, ഓരോ ജില്ലാ വിദഗ്ദ്ധ സമിതികളും ആവശ്യമെങ്കിൽ, ബന്ധപ്പെട്ട കടവു കമ്മിറ്റിയുമായി കൂടിയാലോചിച്ച് പദ്ധതി തയ്യാറാക്കുന്നു. കൂടാതെ പ്രകൃതി ക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടാകുന്ന അടിയന്തിര ഘട്ടങ്ങളിൽ നദീതീര സംരക്ഷണത്തിന് വേണ്ടിയോ, സർക്കാർ നദീതീരവാസികളുടെ ദുരിതാശ്വാസത്തിനായോ, പുനരധിവാസത്തിനായോ ഉണ്ടാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ നടപ്പാക്കലിന് വേണ്ടിയോ ഉള്ള ഏതൊരു പ്രവർത്തിയും ചെയ്യുന്നതിനും അതിനാവശ്യമായ ചെലവുകൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിനും ചട്ടത്തിൽ വ്യവസ്ഥയുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട്

19 [2908] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

(ബി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) വിവിധ ജില്ലകളിൽ ഏറ്റെടുത്ത പ്രോജക്ടുകളും ഇതുവരെ ചെലവാക്കിയ തുകയും വ്യക്തമാക്കുമോ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ട്, എം.എൽ.എ.-മാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളുമായി ആലോചിച്ച് സുതാര്യമായി ചെലവഴിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ഇ) റിവർ മാനേജ്മെന്റ് ഫണ്ട്, നദികളുടെയും നദീതീരങ്ങളുടേയും സംരക്ഷണത്തിന് മാത്രമായി ഉപയോഗിക്കുന്നതിനും, പദ്ധതികൾ നിശ്ചയിക്കുവാൻ എം.എൽ.എ.-മാർ ഉൾപ്പെട്ട ജില്ലാതല കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly